**GOVERNMENT OF KERALA**

**Abstract**

Industries Department - Keltron Component Complex Limited (KCCL) - Enhancement of Authorized Share Capital - Sanction accorded - Orders issued.

**INDUSTRIES (D) DEPARTMENT**

G.O.(Ms)No.52/2026/ID Dated,Thiruvananthapuram, 31-07-2026

Read 1 Letter No.KCCL/MD/21/2022-23/25 dated 03/10/2022 from the Managing Director, Keltron Component Complex Limited.

2 Letter No.KCCL/MD/21/2022-23/53 dated 22/02/2023 from the Managing Director, Keltron Component Complex Limited.

**ORDER**

The Managing Director, Keltron Component Complex Limited (KCCL), as per the letter read as the 1st paper above, informed Government that the present authorised share capital of the Company is ₹35 crore and the paid-up share capital is ₹34,22,81,269.41. The Managing Director requested Government to accord sanction for enhancing the authorised share capital of the Company from the existing ₹35 crore to ₹60 crore to enable the Company to issue shares against further equity investments by Government, and for carrying out the necessary alterations to the Memorandum of Association (MoA) and Articles of Association (AoA) of the Company. The Board of Directors of the Company has also approved the proposal for enhancement of the authorised share capital.

2) Government have examined the matter in detail and are pleased to accord sanction for enhancing the Authorized Share Capital of Keltron Component Complex Limited from the existing ₹35 crore to ₹60 Crore, subject to the condition that filing fees and other allied expenditure in this regard should be met by the company and to make necessary alteration in

the respective clauses in the Memorandum of Association (MoA) and Articles of Association (AoA) of the Company.

(By order of the Governor)
A P M MOHAMMED HANISH
ADDITIONAL CHIEF SECRETARY

To:
The Managing Director, Keltron Component Complex Limited, Kalliasseri, Kanur.
The Executive Chairman , Board for Public SectorTransformation, Thiruvananthapuram.
The Accountant General (A&E / Audit), Kerala, Thiruvananthapuram
Finance (PU-D) Department (vide 1931280/PU-D2/110/2021-FIN dated 17/03/2026)
Planning & Economic Affairs (BPE) Department (vide PLGEA-BPE1/196/2021-PLGEA dated 17/02/2026)
The General Administration (SC) Department (vide Item No.............................dated .....................)
Web & New Media, Information & Public Relations Department
Stock file / Office copy

Forwarded /By order

Digitally signed by
Nisha Kumari. P
Date: 31-07-2026
15:05:15

Section Officer

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-07-2026

ഫയൽ നം. ഡി3/224/2021/വ്യവ. ഇനം നം : 99

വിഷയം : വ്യവസായ വകുപ്പ് - കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ.) - അംഗീകൃത ഓഹരി മൂലധനം നിലവിലുള്ള 35 കോടി രൂപയിൽ നിന്നും 60 കോടി രൂപയായി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

30/7/26

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.

99

# കേരള സർക്കാർ
## (ശ്രീ.വി.ഡി സതീശൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി3/224/2021/വ്യവ. |
| 2 | വകുപ്പ് | : | വ്യവസായ (ഡി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ) - അംഗീകൃത ഓഹരി മൂലധനം നിലവിലുള്ള 35 കോടി രൂപയിൽ നിന്നും 60 കോടി രൂപയായി ഉയർത്തുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20 / 07 / 2026 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എം. എ. റജീന ബീഗം. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ എ പി എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയുടെ കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23 / 07 / 2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 23 / 07 / 2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28 / 07 / 2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28 / 07 / 2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ (കെ.സി.സി.എൽ) അംഗീകൃത ഓഹരി വിഹിതം നിലവിലുള്ള 35 കോടി രൂപയിൽ നിന്നും 60 കോടി രൂപയായി ഉയർത്തുന്നതിനും, കമ്പനിയുടെ മെമ്മോറാണ്ടം & ആർട്ടിക്കിൾ ഓഫ് അസോസിയേഷനിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുമുള്ള നിർദ്ദേശവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) 01/09/2022-ൽ ചേർന്ന കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ 231-ാമത് ഡയറക്ടർ ബോർഡ് യോഗം, സർക്കാരിന്റെയും, ഓഹരി ഉടമകളുടെയും അംഗീകാരത്തിന് വിധേയമായി, കമ്പനിയുടെ അംഗീകൃത ഓഹരി മൂലധനം 35 കോടി രൂപയിൽ നിന്ന് 60 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി. പ്രസ്തുത ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വാർഷിക കണക്കുകൾ പുതുക്കിയ ശേഷം, കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ നിലവിലുള്ള 35 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനം 60 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനും, അതിനനുസൃതമായി കമ്പനിയുടെ മെമ്മോറാണ്ടം & ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ഭേദഗതികൾ വരുത്തുന്നതിനുമുള്ള അനുമതി നൽകണമെന്ന് കെ.സി.സി.എൽ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3)കമ്പനിയുടെ നിലവിലെ അംഗീകൃത മൂലധനം 35 കോടി രൂപയാണെന്നും, വിതരണം ചെയ്ത ഓഹരി മൂലധനം 34,22,81,269.41/- രൂപയാണെന്നും കെ.സി.സി.എൽ മാനേജിംഗ് ഡയറക്ടർ അറിയിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ ഇക്വിറ്റി നിക്ഷേപമായി കെ.സി.സി.എല്ലിന് സർക്കാർ അനുവദിച്ചിരുന്നു. ഇതിൽ നിന്നും 10.22 കോടി രൂപ ഇക്വിറ്റി നിക്ഷേപമായി 2021-22 കാലയളവിൽ റിലീസ് ചെയ്തു നൽകി. കൂടാതെ, 2022-23 ബജറ്റിൽ, കെ.സി.സി.എല്ലിലെ സർക്കാരിന്റെ ഇക്വിറ്റി നിക്ഷേപമായി 10 കോടി രൂപ കൂടി അനുവദിച്ചു. കെ.സി.സി.എല്ലിന്റെ അംഗീകൃത ഇക്വിറ്റി ഓഹരികളുടെ എണ്ണം 3,50,00,000 ആയതിനാൽ, കമ്പനിക്ക് ഇനി 10 രൂപ വീതമുള്ള ബാക്കി 7,71,873 ഇക്വിറ്റി ഓഹരികൾ മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ബാക്കി ഓഹരികൾ വിതരണം ചെയ്യുന്നതിനായി കെ.സി.സി.എല്ലിന് അതിന്റെ അംഗീകൃത ഓഹരി മൂലധനം വർദ്ധിപ്പിക്കേണ്ടതുണ്ട്.

4) ഈ നിർദ്ദേശത്തിനുമേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

'Finance' agrees to enhance the Authorised Share Capital of Keltron Component Complex Ltd. from the existing Rs.35 Crore to Rs.60 Crore, subject to the condition

that filing fees and other allied expenditure in this regard should be met by the company.

5)ഈ നിർദ്ദേശത്തിന്മേൽ, 05/02/2026-ന് ചേർന്ന പബ്ലിക്ക് എന്റർപ്രൈസസ് ബോർഡ് യോഗത്തിന്റെ തീരുമാനം ചുവടെ ചേർക്കുന്നു:

The proposal of Keltron Component Complex Ltd (KCCL) for enhancement of the Authorised Share Capital from the existing Rs. 35 Crores to Rs.60 Crores was discussed. Secretary, Finance (Resources) informed that the approval of Hon'ble Minister of Finance has to be obtained by the department which will be communicated to the Administrative Department separately. The PEB approved the proposal in principle and directed the Administrative Department to obtain the concurrence of Finance Department.

6)പബ്ലിക്ക് എന്റർപ്രൈസസ് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി അയയ്ക്കുകയും, പ്രസ്തുത വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം നൽകുകയും ചെയ്തു:

'Finance' concurs with the proposal for enhancement of Authorised Share Capital of Keltron Component Complex Ltd (KCCL) from the existing Rs.35 Crore to Rs.60 Crore, subject to the condition that filing fees and other allied expenditure in this regard should be met by the company.

'This has the approval of Competent Authority'.

7)ഫയൽ ബഹു. വ്യവസായ വകുപ്പുമന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ അംഗീകൃത ഓഹരി മൂലധനം, ഫയലിംഗ് ഫീസും അനുബന്ധ ചെലവുകളും കമ്പനി തന്നെ വഹിക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായി, നിലവിലുള്ള 35 കോടി രൂപയിൽ നിന്നും 60 കോടി രൂപയായി വർദ്ധിപ്പിക്കാമോ, അതനുസരിച്ച് കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെയും (AoA/MoA) ബന്ധപ്പെട്ട വകുപ്പുകളിൽ ആവശ്യമായ മാറ്റം വരുത്താമോ?